പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 860

12.06.2013 ൽ മറുപടിക്ക്

## കരിപ്പുഴ കനാൽ പുനരുദ്ധരിക്കാൻ നടപടി

| | ചോദ്യം<br>ശ്രീ സി.കെ. സദാശിവൻ | | മറുപടി<br><br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തു കൂടി കടന്നു പോകുന്ന കരിപ്പുഴ കനാൽ മലീമസമായി ഗുരുതരമായ പകർച്ച വ്യാധി ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരിപ്പുഴ കനാൽ മാലിന്യമുക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>നഗരത്തിലെ ഗാർഹിക/വാണിജ്യ/ വാണിജ്യേതര സ്ഥാപനങ്ങളിൽ നിന്നും ഖരമാലിന്യവും മലിനജലവും സമീപ തോടുകളിലേക്കും, നീർച്ചാലുകളിലേക്കും നിക്ഷേപിക്കുന്നതിനാൽ ജലം മലിനപ്പെടുന്നു. കനാൽക്കരയിൽ സ്ഥിതിചെയ്യുന്ന മാർക്കറ്റിൽ പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റിയുടെ അറവുശാല ശാസ്ത്രീയമായി പ്രവർത്തിപ്പിക്കുന്നതിനും മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ കുറ്റമറ്റതാക്കുന്നതിനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല കരിപ്പുഴ കനാലിന് ആഴവും വീതിയും കൂട്ടുവാൻ, കുട്ടനാട് പാക്കേജിൽ, പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ